ഒക്ടോബർ 2018

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

അടുത്ത സമയത്ത് കാലം ചെയ്ത മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ചെങ്ങന്നൂർ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ വേർപാട് ഓർത്തഡോക്സ് സഭയ്ക്ക് മാത്രമല്ല ക്രൈസ്തവ സഭകൾക്കുതന്നെ വലിയൊരു നഷ്ടമാണ്. മാർത്തോമ്മാ സഭയുമായി വളരെയധികം അടുപ്പം തിരുമേനിക്കുണ്ടായിരുന്നു. നമ്മെ സംബന്ധിച്ചിടത്തോളം മൂന്ന് വഴികളിലൂടെ തിരുമേനി എനിക്ക് ഒരനുജനായിരുന്നു. ഏതു പൊതുവേദിയിലും തിരുമേനി നമ്മെ അഭിസംബോധനചെയ്യുന്നത് "എന്റെ ജേഷ്ഠസഹോദരൻ" എന്നു പറഞ്ഞു കൊണ്ടായിരുന്നു. അപകടമരണത്തിന്റെ വാർത്ത അറിഞ്ഞപ്പോൾ തന്നെ ആദ്യം ആശുപത്രിയിലെത്തി ആദരാഞ്ജലി അർപ്പിക്കുവാനും നമുക്ക് കഴിഞ്ഞു. മീഖാ പ്രവാചകൻ പറഞ്ഞതുപോലെ നീതി പ്രസംഗിച്ചും ദയാതൽപരനായും വിനയത്തോടുകൂടി ദൈവത്തോടു ചേർന്ന് നടന്ന് ശ്രേഷ്ഠമായ ശുശ്രൂഷ നിർവഹിച്ച ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ധന്യമായ ജീവിതത്തിനായി ദൈവത്തെ സ്തുതിക്കുന്നു. തിരുമേനിയുടെ ദേഹവിയോഗത്തിൽ ദുഃഖാർത്തരായിരിക്കുന്ന ഓർത്തഡോക്സ് സഭയോടുള്ള മാർത്തോമ്മാ സഭയുടെ ദുഃഖവും അനുശോചനവും അറിയിക്കുന്നു.

കേരളം സമീപകാലത്ത് അഭിമുഖീകരിച്ച പ്രളയക്കെടുതികൾക്കു ശേഷം നമ്മുടെ നാട് ഇന്ന് പുനർനിർമ്മിതിയുടെ കാലഘട്ടത്തിലൂടെ കടന്നുപോകുകയാണ്. എന്നാൽ ഇപ്പോൾ കടുത്ത വരൾച്ചയുടെ പ്രതിസന്ധിയിൽ കുടിവെള്ളക്ഷാമത്തിന്റെ ഗുരുതരാവസ്ഥയിൽ നമ്മുടെ നാട് ഇന്ന് ആയിരിക്കുകയാണ്. നദികളിൽ മുഴുവൻ ജലനിരപ്പ് താഴ്ന്ന്പോയിരിക്കുകയാണ്. ആലപ്പുഴ ബോട്ടു ജട്ടിയിൽ ബോട്ട് അടുക്കാൻ പോലും പറ്റാത്തവിധം ജലനിരപ്പ് താഴ്ന്ന് പോയിരിക്കുന്നു. പ്രളയകാലത്ത് മലീമസമായിത്തീർന്ന കിണറുകൾ പല പ്രാവശ്യം തേകിയിട്ടും ഇനിയും ശുദ്ധജലം ലഭ്യമായി തുടങ്ങിയിട്ടില്ല. പ്രളയാനന്തരം ഒരു പുനർനിർമ്മിതിയുടെ പദ്ധതികളുമായി സംസ്ഥാനസർക്കാരും സഭകളും സന്നദ്ധസംഘടനകളും മുമ്പോട്ടു പോകുമ്പോൾ തന്നെ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്കും പരിഹാരം കാണുവാൻ ശ്രമിക്കേണ്ടതാണ്. എല്ലാ സുമനസുകളുടെയും സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നിർല്ലോഭമായ സംഭാവനകൾ പല മാർഗ്ഗങ്ങളിലൂടെ സമാഹരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് ആശാവഹമായ കാര്യമാണ്. എന്നാൽ അധികാരം ഉപയോഗിച്ച് ശമ്പള സ്രോതസ്സിൽ നിന്നും സംഭാവനകൾ നിർബന്ധപൂർവ്വം വാങ്ങിക്കുവാൻ ഒരുങ്ങുന്നത് ഇക്കാര്യത്തിൽ സുമനസ്സുകളുടെ അഭാവം ഉണ്ടാകുമെന്ന് സംശയിച്ചിട്ടാണോ എന്ന് സന്ദേഹിക്കേണ്ടിയിരിക്കുന്നു. ഇപ്രാവശ്യത്തെ പ്രളയത്തിന് പേമാരി മാത്രമായിരുന്നു കാരണമെന്നു പറയുക സാദ്ധ്യമല്ല. പ്രളയലക്ഷണങ്ങൾ കണ്ടു തുടങ്ങിയ അവസരത്തിൽ തന്നെ നമ്മുടെ അണക്കെട്ടുകളിലെ വെള്ളം കുറേശ്ശയായി തുറന്നുവിട്ടിരുന്നുവെങ്കിൽ പെട്ടെന്ന് അണക്കെട്ടുകൾ തുറന്നുവിട്ടതുമൂലമുണ്ടായ പ്രളയത്തിന്റെ ഗുരുതരാവസ്ഥ കുറേയെങ്കിലും ലഘൂകരിക്കാൻ കഴിയുമായിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ജലസംഭരണികളുടെ ജലനിരപ്പിന്റെ ഏറ്റവും മുകളിലത്തെ പരമാവധി അടയാളം വരെ കാത്തുനിൽക്കാതെ ഇപ്പോഴുണ്ടായ അനുഭവങ്ങളുടെ വെളിച്ചത്തിൽ അതിനു താഴെയായി ശാസ്ത്രീയമായ അവബോധത്തോടെ ഒരു അടയാളം വെച്ച് അതിന് മുകളിൽ വെള്ളം വരുമ്പോഴേക്കും തുറന്ന് വിടുന്ന ഒരു സമീപനം സ്വീകരിച്ചാൽ തുടർന്നുള്ള നാളുകളിൽ കൂടുതൽ ഗുരുതരാവസ്ഥയിലേക്ക് കാര്യങ്ങളെ കൊണ്ടുചെന്ന് എത്തിക്കാതിരിപ്പാൻ സഹായകരമാകും എന്നു കരുതുന്നു. അണക്കെട്ട് തുറന്ന് വിട്ടതുകൊണ്ടല്ല ദുരന്തമുണ്ടായത് എന്നു പറയുന്ന ഉദ്യോഗസ്ഥരും ബന്ധപ്പെട്ടവരും ചെങ്ങന്നൂരിനടുത്ത് മംഗലത്ത് ഒരു മാതാവും പിതാവും ശാരീരികക്ഷമത ഇല്ലാത്ത ഒരു മകനും പെട്ടെന്നുണ്ടായ പ്രളയത്തിൽപെട്ട് രക്ഷാപ്രവർത്തകരെത്തിച്ചേരുന്നതിനു മുമ്പു തന്നെ വീടു മുങ്ങി ജീവൻ നഷ്ടപ്പെട്ട അവസ്ഥയിലെത്തിയത് കണ്ടില്ലെന്ന് നടിക്കരുത് എന്ന് ഓർമ്മിപ്പിക്കട്ടെ. ഭാവിയിൽ കൂടുതൽ ഉത്തരവാദിത്വപൂർവ്വം തങ്ങളുടെ കടമകൾ ബന്ധപ്പെട്ടവർ നിറവേറ്റുമെന്ന് പ്രതീക്ഷിക്കുന്നു.

നമ്മുടെ സഭാപ്രതിനിധിമണ്ഡലം ഓഗസ്റ്റ് 28,29,30 തീയതികളിലായി ഹൃദ്യമായി നടക്കുകയും പര്യവസാനിക്കുകയും ചെയ്തു എന്നതിൽ സന്തോഷമുണ്ട്. എങ്കിലും സഭയുടെ ഇന്നത്തെ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് ശ്രദ്ധേയമായ ഒരു നിർദ്ദേശവും മണ്ഡലയോഗത്തിൽ ഉണ്ടായില്ല എന്നത് സങ്കടകരമായ ഒരു വസ്തുതയത്രെ. കാര്യങ്ങളെല്ലാം നടന്നുപോകുന്നുണ്ടല്ലോ എന്ന ചിന്തയായിരിക്കാം പൊതുവേ പ്രകടമായ മന്ദതയ്ക്കു കാരണമെന്ന് ഊഹിക്കുന്നു. അടുത്ത മണ്ഡലത്തിൽ തന്നെ എന്തെങ്കിലും പ്രായോഗിക നിർദ്ദേശങ്ങൾ വന്നാൽ തന്നെയും രണ്ടു വർഷങ്ങളെങ്കിലും പിന്നെയും വേണ്ടിവരും പരിഹാരം ഫലപ്രാപ്തിയിലെത്തുവാൻ എന്നത് ഒരു യാഥാർത്ഥ്യമത്രെ. ദൈവം നമ്മുടെ ജനങ്ങൾക്ക് വിനയവും വിവേകവും ധൈര്യവും നല്ല ബുദ്ധിയും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നാം മണ്ഡലത്തിൽ ചെയ്ത പ്രസ്താവന ഇന്നത്തെ അവസ്ഥ സഭാജനങ്ങളെ അറിയിക്കുന്നതിനുള്ള ഒരു സ്റ്റേറ്റ്മെന്റ് മാത്രമായിരുന്നു, നിർദ്ദേശമൊന്നുമല്ലായിരുന്നു. എന്നാൽ ഭാവിയെക്കുറിച്ച് പ്രത്യേകം നിർദ്ദേശമൊന്നുമില്ലാത്ത ഒരു മണ്ഡലമായി ഈ മണ്ഡലം അനുഭവപ്പെട്ടില്ലേ എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. ഇക്കാര്യത്തിൽ ഒരു നിർബന്ധവും യാതൊന്നിലും പ്രകടിപ്പിക്കുവാൻ നാം ഉദ്ദേശിക്കുന്നില്ല എന്നും വ്യക്തമാക്കിക്കൊള്ളട്ടെ.

കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ ക്ലർജി കോൺഫറൻസ് കുറ്റാലത്തുവെച്ച് സെപ്റ്റംബർ 10-ാം തീയതി മുതൽ നടക്കുകയുണ്ടായി. ആരംഭദിനം ഹർത്താൽ ദിനമായിരുന്നുവല്ലോ. എങ്കിലും പ്രതിസന്ധികളെയെല്ലാം അതിജീവിച്ച് ആ ഉദ്ഘാടനസമ്മേളനത്തിലും നമ്മുടെ പട്ടക്കാർ വന്ന് പങ്കെടുത്തു എന്നത് അഭിനന്ദനാർഹമാണ്. റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ ക്ലർജി കോൺഫറൻസ് പ്രളയദുരിതം മൂലം മാറ്റിവെച്ചിരിക്കുകയാണ്. നിരണം-മാരാമൺ ഭദ്രാസനത്തിന്റെ ക്ലർജി കോൺഫറൻസ് ഒക്ടോബർ ആദ്യവാരം

നടത്തപ്പെടുന്നതാണ്. നമ്മുടെ ക്ലർജി കോൺഫറൻസുകൾക്ക് നമ്മുടെ സഭയിലെ പട്ടക്കാർ തന്നെയാണ് മുഖ്യ ചിന്താവിഷയം അവതരിപ്പിച്ചും ബൈബിൾ ക്ലാസ് എടുത്തും നേതൃത്വം നൽകുന്നത് എന്നതിൽ വളരെ അഭിമാനമുണ്ട്.

സെപ്റ്റംബർ 8 മുതൽ ഇന്റർനാഷണൽ സിറിയൻ കോൺഫറൻസ് കോട്ടയത്തുള്ള സീരി എന്ന സ്ഥാപനത്തിൽ വെച്ച് നടത്തപ്പെട്ടു. പ്രത്യേകം ക്ഷണം സ്വീകരിച്ച് ആ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുകയും ഉദ്ഘാടനം നാം നിർവ്വഹിക്കുകയും ചെയ്തു. കേരള സഭകളുടെ പൊതുപാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ പശ്ചിമേഷ്യയിലുള്ള സഭകളും കേരള നസ്രാണികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടാണ് ഉദ്ഘാടനം നിർവ്വഹിച്ചത്.

മണർകാട് പള്ളിയിൽ സെപ്റ്റംബർ 4-ാം തീയതി നടന്നതായ പൊതു സമ്മേളനത്തിൽ പങ്കെടുക്കുകയും നവതിയുടെ നിറവിലായിരിക്കുന്ന മലങ്കര യാക്കോബായ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ ശ്രേഷ്ഠ ബാവാ തിരുമേനിയെ അനുമോദിക്കുകയും ചെയ്തു. ആയുസിന്റെ 9 ദശകങ്ങൾ പിന്നിട്ട് 10-ാം ദശകത്തിലേക്ക് പ്രവേശിക്കുന്ന തിരുമേനി സഭയ്ക്ക് ദൈവം നൽകിയ ഒരു വരദാനവും വിശ്വാസസമൂഹത്തിനും പൊതുസമൂഹത്തിനും ദൈവം നൽകിയ ഒരു അനുഗ്രഹവുമാണ്. മാർത്തോമ്മാ സഭയുടെ ആശംസകളും പ്രാർത്ഥനകളും ശ്രേഷ്ഠ ബാവാ തിരുമേനിക്ക് നേർന്നുകൊള്ളുന്നു.

നമ്മുടെ സഭയുടെ ഒരു അഭിമാനമാണ് മാർത്തോമ്മാ പ്രസ്സ്. ഏകദേശം ഒരുകോടി രൂപായോളം മുടക്കുമുതൽവരുന്നതായ മൾട്ടി കളർ പ്രിന്റിംഗ് മെഷീൻ പ്രസ്സിനുവേണ്ടി അടുത്ത സമയത്ത് വാങ്ങുകയുണ്ടായി. അതിന്റെ പ്രയോജനം കൂടി ലഭ്യമാകത്തക്കവണ്ണം പ്രസ്സിന്റെ സൗകര്യങ്ങൾ പുനഃസംവിധാനം ചെയ്തതിന്റെ ഉദ്ഘാടനം സെപ്റ്റംബർ 10-ാം തീയതി വളരെ ഹൃദ്യമായ ഒരു സമ്മേളനത്തിൽ വെച്ച് നാം നിർവ്വഹിക്കുകയുണ്ടായി. ഏത് മികച്ച പ്രസ്സിനോടും തുല്യത പുലർത്തുന്ന സേവനങ്ങളാണ് മാർത്തോമ്മാ പ്രസ്സിൽ ഇപ്പോൾ ലഭ്യമായിരിക്കുന്നത്. നമ്മുടെ സഭയിലെ എല്ലാ സ്ഥാപനങ്ങളും നമ്മുടെ പ്രസ്സിന്റെ പുനഃസംവിധാനം ചെയ്ത ആധുനികമായ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. പ്രസ്സിന്റെ കാര്യക്ഷമമായ നടത്തിപ്പിന് നേതൃത്വം നൽകുന്ന ഡയറക്ടർ റവ. ജിനിൽ ഏബ്രഹാം അച്ചനെയും സൂപ്പർവൈസർ കം അക്കൗണ്ടന്റായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വിനിൽ വർഗ്ഗീസിനെയും സൂക്ഷ്മതയോടും കൃത്യതയോടും പ്രസ്സിന്റെ സേവനം സഭയ്ക്കും സമൂഹത്തിനും ലഭ്യമാക്കിത്തരുന്ന മാർത്തോമ്മാ പ്രസ്സിലെ എല്ലാ പ്രവർത്തകരോടുമുള്ള അഭിനന്ദനം അറിയിക്കുന്നു.

യൂറോപ്പിലെ യൂണിവേഴ്സിറ്റികളിലെ എക്യുമെനിക്കൽ പഠനങ്ങളുമായി ബന്ധപ്പെട്ട പ്രഗത്ഭരായ വേദശാസ്ത്ര പണ്ഡിതന്മാരും പ്രഫസർമാരും ഉൾപ്പെടുന്നതായ യൂറോപ്യൻ സൊസൈറ്റി ഫോർ എക്യുമെനിക്കൽ റിസേർച്ച് (Societas Ocumenica), ഹൈഡൽബർഗ്, ജർമ്മനി എന്ന സംഘടന, സംഘടനയുടെ അംഗത്വത്തിലേക്ക് 2018 ഓഗസ്റ്റ് മുതൽ നമ്മുടെ റവ. ഡോ. ജോസഫ് ഡാനിയേൽ അച്ചനെ പ്രവേശിപ്പിച്ചിരിക്കുകയാണ്. കൂടാതെ അമേരിക്ക കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സോഷ്യൽ സയൻസസ് ഓൺലൈൻ ജേണലിന്റെ എഡിറ്റോറിയൽ ബോർഡ് അംഗമായിരിക്കാനുള്ള ക്ഷണം അച്ചന് ലഭിച്ചതിനെ തുടർന്ന് ആ അംഗത്വത്തിലേക്ക് പ്രവേശിക്കുന്നതിന് നാം അനുമതി നൽകിയിട്ടുണ്ട്. ഈ രണ്ട് അംഗീകാരങ്ങളും നേടിയ റവ. ഡോ. ജോസഫ് ഡാനിയേൽ അച്ചനെ പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ സഭയിലെ പട്ടത്വ സമൂഹത്തിന് ഈ അംഗീകാരങ്ങൾ ഏറെ അഭിമാനകരമത്രെ.

നമ്മുടെ മാർത്തോമ്മാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബോയ്സ് & ഗേൾസ് ക്യാമ്പ് 2018 സെപ്റ്റംബർ 19,20,21 തീയതികളിൽ തിരുവല്ല നിക്കോൾസൺ സ്കൂളിൽ വെച്ച് നടക്കുകയാണ്. 'ഈ ജീവിതം ഒരു അനുഗ്രഹവസന്തം' എന്നതാണ് മുഖ്യ ചിന്താവിഷയം. പങ്കെടുക്കുന്ന എല്ലാവർക്കും ക്യാമ്പ് ഒരനുഗ്രഹമായി തീരട്ടെ എന്ന് ആശംസിക്കുന്നു. നേതൃത്വം നൽകുന്നവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ തിരുവല്ല സെന്റ് തോമസ് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പത്തനംതിട്ട റവന്യൂ ജില്ലാ ടി.ടി.ഐ കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുകയുണ്ടായി. വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും പ്രോത്സാഹനം നൽകിയവരെയും അഭിനന്ദിക്കുന്നു. തുടർച്ചയായി 3-ാം വർഷവും ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുവാൻ നമ്മുടെ ടി.ടി.ഐ യ്ക്ക് കഴിഞ്ഞു എന്നത് അഭിമാനകരവും അഭിനന്ദനാർഹവുമത്രെ.

ഒക്ടോബർ 2-ാം തീയതി നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികദിനമാണ്. ഗാന്ധിജിയുടെ വലിയ സ്വപ്നമായിരുന്നു ജാതി മത ഭേദമെന്യേ എല്ലാവരും ചേർന്ന് വസിക്കുന്ന, എല്ലാവരും ഒരുമിച്ച് വളരുന്ന, എല്ലാവരും സുഖദുഃഖങ്ങളൊരുമിച്ച് പങ്കിടുന്ന ഒരു ദൈവരാജ്യമായി ഭാരതം രൂപപ്പെട്ടുവരണമെന്നുള്ളത്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ 72-ാം വർഷത്തിലെത്തിനിൽക്കുന്ന നാം നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങൾക്കും ആദർശങ്ങൾക്കും എന്തു വിലയാണ് കൊടുക്കുന്നത് എന്ന് ആത്മപരിശോധന നടത്തേണ്ട സന്ദർഭമാണിത്. രാമരാജ്യം സ്ഥാപിതമാകണം എന്നദ്ദേഹം പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ദൈവരാജ്യദർശനമാണ് അദ്ദേഹം പങ്കുവെച്ചത്. രാമക്ഷേത്രം അല്ല രാമരാജ്യം രൂപപ്പെടുത്തുന്നതിനായിരിക്കണം സർക്കാരും ഭാരതജനതയും പ്രത്യേകം ശ്രദ്ധിക്കേണ്ടത് എന്ന് ഓർമ്മിപ്പിക്കട്ടെ.

നമ്മുടെ സഭയിലെ വിവിധ സ്ഥാപനങ്ങളുടെ പൊതുയോഗങ്ങളും തെരഞ്ഞെടുപ്പുകളും ആസന്നമായിരിക്കുന്ന ഒരു കാലഘട്ടമാണിത്. വളരെ പ്രാർത്ഥനാപൂർവ്വം ജാഗ്രതയോടുകൂടി നല്ല സാക്ഷ്യമുള്ളവരെയും മികവുള്ളവരെയും തെരഞ്ഞെടുക്കുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ ഉത്തരവാദിത്വപൂർവ്വം തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാതെ വരുമ്പോൾ, തെറ്റായ പ്രവണതകൾ പ്രബലപ്പെടുമ്പോൾ സഭയും സഭയുടെ സ്ഥാപനങ്ങളുമാണ് സമൂഹമദ്ധ്യത്തിൽ അവഹേളിക്കപ്പെടുന്നത് എന്ന കാര്യം വിസ്മരിക്കരുത്. ലോകം പലപ്പോഴും ഇരുളിന്റെ പിടിയിലേക്ക് ചെന്ന് വീഴുമ്പോഴും ആ അവസ്ഥയിൽ നിന്നും ലോകത്തെ തന്നെ രക്ഷപെടുത്തേണ്ട സഭ നിർവഹിക്കേണ്ടത് ക്രിസ്തുവിൽ കൂടി വെളിപ്പെട്ട് സഭയിലൂടെ പകരപ്പെടുന്ന വെളിച്ചത്തിന്റെ ശുശ്രൂഷയാണ്. എന്നാൽ സഭയുടെ തന്നെ വെളിച്ചം മങ്ങിയാൽ പിന്നെ ആരാണ് ലോകത്തിന് വെളിച്ചം കൊടുക്കേണ്ടത്? വെളിച്ചമുള്ളവരായി വെളിച്ചം തെളിക്കുന്നവരായി സഭയ്ക്ക് മുമ്പോട്ടു പോകാൻ കഴിയണമെങ്കിൽ ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിനോട് ചേർന്ന് നിന്ന് വചനത്തിന്റെ വെളിച്ചമുൾക്കൊണ്ട് പ്രവർത്തിക്കുവാൻ, ശുശ്രൂഷകൾ സമർപ്പിക്കുവാൻ ഏവർക്കും കഴിയണമെന്ന് ഓർമ്മിപ്പിക്കട്ടെ. പെരുകിവരുന്ന ആത്മഹത്യകൾ, ധാർമ്മിക മൂല്യങ്ങളുടെ ശോഷണം, കുടുംബബന്ധങ്ങളുടെ തകർച്ചകൾ ഇവയെല്ലാം ഇന്ന് സമൂഹത്തിൽ പെരുകിവരികയാണ്. നമ്മുടെ സഭയിൽ തന്നെ മുമ്പ് കാലങ്ങളേക്കാൾ കൂടുതലായി വിവാഹിതരായ പട്ടക്കാരുടെ ഇടയിൽ കുടുംബസംബന്ധമായ തകർച്ചകൾ നാമ്പെടുത്തു വരുന്നു എന്നത് എത്രയോ സങ്കടകരമായ വസ്തുതയാണ്. ചിലരുടെ കേസ് കോടതിയിൽവരെ എത്തിയിരിക്കുകയാണ്. ചില പട്ടക്കാരെ ചുമതലാ സ്ഥാനങ്ങ

ളിൽ നിന്ന് മടക്കി വിളിക്കുകയും പുനർനിയമനം നടത്താതിരിക്കുകയും ചെയ്യേണ്ട സാഹചര്യം വന്നിട്ടുണ്ട്. അതുപോലെ തന്നെ ആവർത്തിച്ച് ശാസനകൾ നൽകിയിട്ടും ഒരേ കുറ്റം തന്നെ ആവർത്തിക്കുന്ന ചിലരെ ചുമതലാസ്ഥാനത്തു നിന്ന് മാറ്റിനിർത്തേണ്ടതായ ആവശ്യം വന്നിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമത്രെ. നമ്മുടെ പട്ടക്കാർ വിവാഹിതരാകുന്നതിന് സഭ അനുവദിക്കുന്നു എങ്കിലും തങ്ങളുടെ ദൗത്യനിർവഹണത്തിന് യോഗ്യരായവരെ വേണം ജീവിതപങ്കാളികളായി തെരഞ്ഞെടുക്കുവാൻ. പട്ടമേൽക്കുന്ന സമയത്ത് സഭ നൽകുന്ന ഗുണദോഷങ്ങൾ സമ്മതിച്ച്, സ്വയം സമർപ്പിച്ച് സഭാശുശ്രൂഷയിലേക്ക് കടന്നുവരുന്നവർ കർത്താവിനോടും കർത്താവിന്റെ ശരീരമായ സഭയോടുമുള്ള ഉത്തരവാദിത്വങ്ങൾ നിറപടിയായി നിർവ്വഹിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. ഇപ്പോൾ മൂന്ന് പട്ടക്കാരെ അന്വേഷണവിധേയമായി ഔദ്യോഗികചുമതലകളിൽ നിന്ന് മാറ്റി നിർത്തിയിരിക്കുകയാണ്. അന്വേഷണത്തിന്റെ അന്തിമറിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

'സുവിശേഷത്തിന്റെ പങ്കാളികളാവുക' എന്ന ചിന്താവിഷയത്തോടുകൂടിയാണ് ഒക്ടോബർ മാസത്തിലെ ധ്യാനം ആരംഭിക്കുന്നത്. ഒക്ടോബർ 7 ഞായർ സന്നദ്ധസുവിശേഷസംഘദിനമാണ്. നല്ല ശമര്യാക്കാരന്റെ ഉപമ കർത്താവു പറയുന്ന സന്ദർഭമാണ് സുവിശേഷഭാഗമായി അന്ന് നമ്മുടെ പള്ളികളിൽ ധ്യാനിക്കുന്നത്. "എന്റെ കൂട്ടുകാരൻ ആര്"? എന്ന ചോദ്യത്തിന് ക്രിസ്തു നൽകുന്ന ഉത്തരമാണല്ലോ ആ അർത്ഥവത്തായ ഉപമ. ആവശ്യത്തിലിരിക്കുന്നവരിൽ നമ്മുടെ അയൽക്കാരനെയും കൂട്ടുകാരനെയും കാണുവാൻ നമുക്ക് കഴിയുമ്പോഴാണ് യഥാർത്ഥത്തിൽ കർത്താവിന്റെ മാനവികതയുടെ സാക്ഷികളായി നാം മാറുന്നത്. അയൽവീട്ടിൽ ആരെന്നുപോലും തിരിച്ചറിയാതെ ജീവിക്കുന്ന അനേകർ ഇന്ന് നമ്മുടെ നാട്ടിലുണ്ട്. അയൽവീട്ടുകാരെ ശ്രദ്ധിക്കുന്നത് അവരുടെ കുറ്റം കണ്ടുപിടിക്കാൻ വേണ്ടി മാത്രമാണ് എന്ന സ്ഥിതി ലജ്ജാകരമാണ്. അപരനോടുള്ള നമ്മുടെ ദൗത്യമെന്താണെന്ന് മറ്റ് വിഭാഗീയതകളുടെ ചിന്തകളൊന്നും കൂടാതെ തിരിച്ചറിഞ്ഞതുകൊണ്ടാണ് ശമര്യാക്കാരൻ നല്ല ശമര്യാക്കാരനായി മാറിയത്. അടുത്ത സമയത്ത് നടന്ന ഒരു സംഭവം സൂചിപ്പിക്കട്ടെ. തിരുവല്ല-കോഴഞ്ചേരി റോഡിൽ രണ്ടു ബൈക്കുകൾ കൂട്ടിമുട്ടി. അങ്ങനെ ആ അപകടം മൂലം രക്തം വാർന്നു കിടന്ന ഒരു വ്യക്തിയെ കണ്ടിട്ട് അനേകം കാറുകളിൽ സഞ്ചരിച്ചവർ കാർ നിർത്താതെ കടന്നുപോയി. അപ്പോൾ അതുവഴി വന്ന നമ്മുടെ ഒരു വൈദീകന്റെ മകൻ കാറിൽ നിന്നിറങ്ങി ആ മുറിവേറ്റ് കിടന്ന വ്യക്തിയെ തന്റെ കാറിൽ കയറ്റി പുഷ്പഗിരി ആശുപത്രിയിൽ എത്തിച്ച് വേണ്ട ചികിത്സ ലഭിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു. ഇന്നും നമ്മുടെ ഇടയിൽ അപരനെ കരുതുന്ന നല്ല ശമര്യാക്കാരുടെ എണ്ണം കുറഞ്ഞുപോയിട്ടില്ല എന്നതിന്റെ പ്രതീക്ഷ നിറഞ്ഞ ഒരു അടയാളമാണ് ആ പട്ടക്കാരന്റെ മകൻ എന്നു പറയുന്നതിൽ നമുക്ക് അഭിമാനമുണ്ട്. ഒക്ടോബർ 14 ഞായർ വ്യത്യസ്ത കഴിവുള്ളവരെ അംഗീകരിക്കുക എന്ന ചിന്തയാണ് സഭയായി പങ്കുവെക്കുന്നത്. മറുരൂപമലയിൽ നിന്ന് ഇറങ്ങിവന്ന കർത്താവ് അഭിമുഖീകരിക്കുന്നത് ചന്ദ്രരോഗിയായ ഒരു മകന്റെ സൗഖ്യത്തിനു വേണ്ടി സങ്കടയാചന കഴിക്കുന്ന ഒരു പിതാവിനെയാണ്. നാം ഇവിടെ ഇരിക്കുന്നത് നല്ലത് എന്നു പറഞ്ഞ പത്രോസിന്റെ വാക്കുകൾ കേൾക്കാതെ താഴ്വരയിലേക്ക് ഇറങ്ങിവന്ന കർത്താവ് ചന്ദ്രരോഗിയായ മകന് സൗഖ്യം നൽകി അവനെ അനുഗ്രഹിച്ചു. കർത്താവിന്റെ സ്നേഹം എല്ലാവരിലേക്കും വ്യത്യസ്ത കഴിവുള്ളവരിലേക്കും പകരപ്പെടുന്ന ഈ മാതൃക നമ്മുടെ ജീവിതത്തിലും നാം പാലിക്കേണ്ടതത്രെ. ഒക്ടോബർ 21 ഞായർ യുവജന ഞായറായി നാം ആചരിക്കുന്നു. അർത്ഥവത്തായ ജീവിതത്തിന്റെ അന്വേഷണമായി യുവത്വത്തെ കാണുവാനാണ് സഭ പഠിപ്പിക്കുന്നത്. അർത്ഥവത്തായ ജീവിതം ക്രിസ്തുവിന്റെ ശിഷ്യരായിത്തീരുന്നതിലൂടെയാണ് വളരേണ്ടത്. യേശു തന്റെ ശിഷ്യഗണത്തിലേക്ക് ഫീലിപ്പോസിനെ ക്ഷണിക്കുന്ന വേദഭാഗമാണ് അന്നത്തെ സുവിശേഷഭാഗം. ഫിലിപ്പോസ് നഥനയേലിനെ കാണുമ്പോൾ "ന്യായപ്രമാണത്തിൽ മോശയെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു. അവൻ യോസേഫിന്റെ പുത്രനായ യേശു എന്ന നസ്രേത്തുകാരൻ" എന്ന് പ്രസ്താവിച്ചുകൊണ്ടാണ് നഥനയേലിനെ യേശുവിങ്കലേക്ക് ക്ഷണിക്കുന്നത്. അങ്ങനെ യേശുവിന്റെ അടുക്കൽ വരുന്ന നഥനയേലിനെ അർത്ഥവത്തായ ഒരു ജീവിതാന്വേഷണത്തിലേക്ക് യേശു നയിക്കുകയും തന്റെ ശിഷ്യനായി സ്വീകരിക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതവും അർത്ഥവത്തായി തീരണമെങ്കിൽ നാം യേശുവിനെ അന്വേഷിക്കുകയും യേശുവുമായുള്ള ബന്ധത്തിലൂടെ ജീവിതത്തെ സാർത്ഥകമാക്കിത്തീർക്കുകയും ചെയ്യണം. ക്രിസ്തീയ കുടുംബപ്രതിഷ്ഠാദിനമായി നാം ആചരിക്കുന്നത് ഒക്ടോബർ 28 ഞായറാഴ്ചയാണ്. കുടുംബം ഒരു ദൈവീക പദ്ധതിയാണ്. കർത്താവ് വളർന്നത് ദൈവം ഒരുക്കിയ ഒരു കുടുംബത്തിലാണ്. സ്ത്രീത്വത്തെ ആദരിക്കുന്ന ഒരു ഭർത്താവിനെയാണ് യോസേഫിൽ നാം കാണുന്നത്. മറിയയ്ക്ക് ലോകാപവാദം വരുത്തുവാൻ ആഗ്രഹിക്കാത്ത യോസേഫ് ദൈവത്തിന്റെ കൽപന അനുസരിച്ച് മറിയയെ സ്വീകരിക്കുന്നു. മറിയ ആകട്ടെ "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കു പോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞ് ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിക്കുന്നു. എത്ര നല്ല മാതൃകകൾ. ക്രിസ്തുമസ് കാർഡുകളിൽ സാധാരണയായി കാണുന്ന ഒരു ചിത്രം ചിന്തോദ്ദീപകമാണ്. മറിയ കഴുതപ്പുറത്തിരുന്ന് സഞ്ചരിക്കുന്നു. ഒരു ഊന്നുവടിയും പിടിച്ച് യോസേഫ് അനുയാത്ര ചെയ്യുന്നു. പരസ്പരം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന നസ്രേത്ത് കുടുംബത്തിലാണ് ലോകത്തിന്റെ രക്ഷകനായ ക്രിസ്തു വളർന്നുവന്നത് എന്ന കാര്യം നാം വിസ്മരിക്കരുത്. അമ്മ കുടുംബത്തിന്റെ വിളക്കാണ്. ഒരു കുഞ്ഞ് ആദ്യമായി ഉച്ചരിക്കുന്ന പദം അമ്മയെന്നാണ്. അമ്മയാണ് മറ്റുള്ളവരെ കുട്ടിക്ക് പരിചയപ്പെടുത്തുന്നത്. അമ്മയിൽനിന്ന് പഠിക്കുന്ന ഭാഷയാണ് മാതൃഭാഷ. ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രു ഒരിക്കൽ ഒരു പ്രസംഗത്തിൽ പറഞ്ഞു - "ഞാൻ ഉറുദു ഭാഷ പഠിക്കാൻ ഒരിടത്തും പോയിട്ടില്ല". അല്പ സമയത്തെ നിശബ്ദതയ്ക്കു ശേഷം അദ്ദേഹം പറഞ്ഞു - "അത് എന്നെ അമ്മ വീട്ടിൽ പഠിപ്പിക്കുകയായിരുന്നു". മാതൃഭാഷയിലൂടെയാണ് ഒരു കുഞ്ഞ് ധന്യതയിൽ വളരുന്നതും പിന്നീട് പല ഭാഷകളിലേക്കും വിജ്ഞാനത്തിന്റെ വലിയ ലോകങ്ങളിലേക്കും വളരുകയും ചെയ്യുന്നത്. നമ്മുടെ കുടുംബങ്ങൾ ദൈവരാജ്യപൗരരെ വളർത്തിയെടുക്കുന്ന ആത്മീയ പാഠശാലകളായി തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

"ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ. നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ" (സങ്കീ. 119:9)

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
17-09-2018

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**